സി.ജി(1)217/2011.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 19.2.2011.

**Email : keralarcs@coop.kerala.gov.in**
**Website : www.cooperation.kerala.gov.in**

**Tel No. 0471 2330726**

## സർക്കുലർ നമ്പർ 21/2011

വിഷയം :- സഹകരണ വകുപ്പ് - അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ സീറോ ബാലൻസ് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുവാദം നൽകുന്നത് - സംബന്ധിച്ച്.

സൂചന : - 1) സഹകരണ സംഘം രജിസ്ട്രാറുടെ 9-7-07 തീയതിലെ 48/07-ാം നമ്പർ സർക്കുലർ
2) സർക്കാരിന്റെ 1-1-2011 തീയതിയിലെ 24532/എയുഇജി എസ്/10/മഹാത്മാ ഗാന്ധി എൻആർഇജിഎസ്/സിആർഡി നമ്പർ കത്ത്

--------------

സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നോഫ്രിൽ അക്കൗണ്ടുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സൂചന 1 പ്രകാരം മാർഗ്ഗനിർദേശം പുറപ്പെടുവിച്ചിരുന്നു. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് വേതനം വിതരണം ചെയ്യുന്നതിനായി തൊഴിലാളികളുടെ പേരിൽ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ പൂജ്യം ബാലൻസ് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ബാങ്കുകൾക്ക് നിർദേശം നൽകണമെന്ന് സൂചന 2 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യം കണക്കിലെടുത്തും അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ മഹത്തായ ലക്ഷ്യം കണക്കിലെടുത്തും പ്രസ്തുത പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ പേരിൽ ‘0’ (പൂജ്യം) ബാലൻസ് അക്കൗണ്ടുകൾ തുടങ്ങാൻ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പരിധിയിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ബി.ആർ. ആക്ടിന്റെ പരിധിയിൽ വരുന്ന മറ്റ് സഹകരണ ബാങ്കുകൾ എന്നിവക്ക് അനുവാദം നൽകുന്നു. സഹകരണ സംഘ

ങ്ങൾ/ബാങ്കുകൾ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ പേരിൽ സംഘങ്ങൾ/ബാങ്കുകളിൽ പൂജ്യം ബാലൻസുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുവാൻ അനുവദിക്കേണ്ടതും ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഒപ്പ്

സഹകരണ സംഘം രജിസ്ട്രാറുടെ
ചുമതല വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്)